**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ. സത്യബാബു കെ - ടൗൺ പ്ലാനറുടെ പൂർണ്ണ അധികച്ചുമതല വഹിച്ചതിനുള്ള ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ(സാധ) നം. 917/ 2019/ ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 30/ 04/ 2019**

---

പരാമർശം:- 1. 20.01.2016 ലെ സ.ഉ.(സാധാ) നം. 7/ 16/ ധന.

2. 21.12.2017 ലെ സ.ഉ.(സാധാ) നം. 3713/ 2017/ ത.സ്വ.ഭ.വ.

3. മുഖ്യനഗരാസൂത്രകന്റെ 21.12.2017 ലെ എ 3/ 13691/ 17 നമ്പർ നടപടിക്രമം

4. മുഖ്യനഗരാസൂത്രകന്റെ 05.06.2018 ലെ എ 3- 13691/ 2017(2) നമ്പർ കത്ത്.

5. 21.08.2018 ലെ സ.ഉ(സാധ) നം. 2305/ 2018/ ത.സ്വ.ഭ.വ.

**ഉത്തരവ്**

വയനാട് ജില്ലാ ടൗൺ പ്ലാനറായിരുന്ന ശ്രീ. കെ ജയകുമാറിന് സീനിയർ ടൗൺ പ്ലാനറായി പരാമർശം 2 പ്രകാരം സ്ഥാനക്കയറ്റം നൽകുകയും ടിയാന്റെ ഔദ്യോഗിക ചുമതലകൾ ടി കാര്യാലയത്തിലെ ശ്രീ. സത്യബാബു കെ, ഡെപ്യൂട്ടി ടൗൺ പ്ലാനർക്ക് കൈമാറുകയും ചെയ്തിരുന്നു. ശ്രീ. കെ ജയകുമാർ ടൗൺ പ്ലാനർ തസ്തികയിൽനിന്നും വിടുതൽ ചെയ്തതിനെത്തുടർന്ന് 21.12.2017 മുതൽ ടി തസ്തികയുടെ പൂർണ്ണ അധികച്ചുമതല ശ്രീ. സത്യബാബു കെ, ഡെപ്യൂട്ടി ടൗൺ പ്ലാനർക്ക് നൽകിയിരുന്ന നടപടി സാധൂകരിച്ച്പരാമർശം 5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടിയാന് ചാർജ് അലവൻസ് അനുവദിക്കണമെന്ന് മുഖ്യ നഗരാസൂത്രകൻ പരാമർശം 4 പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാ ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ ജയകുമാർ എന്ന ജീവനക്കാരന് സീനിയർ ടൗൺ പ്ലാനർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിനെത്തുടർന്ന് ടി തസ്തികയുടെ പൂർണ്ണ അധികച്ചുമതല വഹിച്ച ശ്രീ. സത്യബാബു കെ, എന്ന ഡെപ്യൂട്ടി ടൗൺ പ്ലാനർക്ക് കെ.എസ്.ആർ ഭാഗം. I, ചട്ടം 53 A II (c), 53 (c) എന്നിവ പ്രകാരം 21.12.2017 മുതൽ പരമാവധി 3 മാസകാലയളവിലേക്ക് അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ ചാർജ് അലവൻസായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എസ്. മോഹൻദാസ്**

**അഡിഷണൽ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീ. സത്യബാബു, ഡെപ്യൂട്ടി ടൗൺ പ്ലാനർ,

നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ